(8) പള്ളിക്കര-പടന്നക്കാട് ഓവർബ്രിഡ്ജ് നിർമ്മാണം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : സർ, ഞാനിവിടെ നോട്ടീസ് നൽകിയിരുന്നത് രണ്ടു കാര്യങ്ങൾ പരാമർശിച്ചുകൊണ്ടാണ്. പള്ളിക്കരയും പടന്നക്കാട് ഓവർബ്രിഡ്ജുമാണ്. പക്ഷെ അതിൽ പള്ളിക്കര മാത്രമാണ് ഇന്നത്തെ നോട്ടീസിൽ മറുപടി തന്നിരിക്കുന്നത്. അതു പരിശോധിക്കാൻ വേണ്ടി പറഞ്ഞതാണ്. കാസർകോട് ജില്ലയിലെ എൻ. എച്ച്. 17-ൽ ഒരിക്കലെങ്കിലും യാത്ര ചെയ്തിട്ടുണ്ടെങ്കിൽ അവിടെ റോഡുമാർഗ്ഗമുള്ള യാത്ര എത്ര പ്രയാസമേറിയതാണെന്ന് മനസ്സിലാക്കാൻ കഴിയും. എൻ. എച്ച്. 17-ൽപ്പെട്ട പള്ളിക്കര പടന്നക്കാട് റെയിൽവേ ക്രോസിംഗ് പലപ്പോഴും അടച്ചിടുന്നതു മൂലമുണ്ടാകുന്ന പ്രയാസം വലുതാണ്. കൊങ്കൺ റെയിൽവേ കമ്മീഷൻ ചെയ്ത തോടുകൂടി ട്രെയിൻ യാത്രാസൗകര്യം വർദ്ധിച്ചിട്ടില്ല. എന്നാൽ ഗുഡ്സ് ട്രെയിനിന്റെ എണ്ണം വർദ്ധിച്ചതോടുകൂടി സദാസമയവും റെയിൽവേ ക്രോസിംഗ് അടച്ചിടുന്നതുകാരണം, അത്യാസന്ന നിലയിൽ ആശുപത്രിയിൽ കോണ്ടു പോകുന്ന രോഗികളും നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിമാരും പലപ്പോഴും കുടുങ്ങിയ സംഭവമുണ്ടായിട്ടുണ്ട്. ഇതിനു പരിഹാരമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ഇത്തരം ക്രോസിംഗുകളിൽ അടിയന്തിരമായി ഓവർബ്രിഡ്ജ് നിർമ്മിക്കാനുള്ള പ്രവർത്തനം നടന്നുവരികയാണ്. അതുകൊണ്ട് എൻ.എച്ച്. 17-ലെ പള്ളിക്കര-പടന്നക്കാട് എന്നീ റെയിൽവേ ക്രോസിംഗുകളുടെ സ്ഥാനത്ത് ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനാവശ്യമായ നിർമ്മാണപ്രവർത്തനം ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഉടനെ നടപടി ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, നാഷണൽ ഹൈവേ 17-ൽ പള്ളിക്കരയിൽ നിലവിലുള്ള 269-ാം നമ്പർ റെയിൽവേ ലവൽ ക്രോസിംഗ് മാറ്റി പകരം ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി 226 ലക്ഷം രൂപയുടെയും പടന്നക്കാട് റെയിൽവേ 272-ാം നമ്പർ ലെവൽ ക്രോസിംഗ് മാറ്റി ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി 106.66 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റിന് കേന്ദ്ര ഉപരിതല - ഗതാഗത മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. പ്രസ്തുത ഓവർബ്രിഡ്ജുകളുടെ പ്രായോഗികക്ഷമത സംസ്ഥാന നാഷണൽ ഹൈവേ വിഭാഗം പരിശോധിച്ച് അംഗീകരിച്ച് 11-10-1999-ൽ റെയിൽവേയ്ക്ക് മടക്കി അയച്ചിട്ടുണ്ട്. ഈ രണ്ട് മേൽപ്പാലങ്ങളുടെയും പണി 1999-2000 വർഷത്തിലെ റെയിൽവേ വർക്സ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി പണി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനു സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly